ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-2 ഒഴിവുകളും പ്രൊമോഷൻ വഴിയുള്ള നിയമനവും

136 [961] ശ്രീ. എം. കുമാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആരോഗ്യ വകുപ്പിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2-ന്റെ എത്ര ഒഴിവുകളുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) നിലവിലുള്ള ഗവൺമെന്റ് ഉത്തരവുപ്രകാരം ആരോഗ്യ വകുപ്പിലെ യോഗ്യരായ ശിപായി, നഴ്സിംഗ് അസിസ്റ്റന്റ്, ഫീൽഡ് വർക്കർ എന്നീ തസ്തികകളിലുള്ളവർക്ക് അവരുടെ പ്രമോഷൻ പോസ്റ്റായ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-2 തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) സംസ്ഥാനതലത്തിൽ ഇങ്ങനെ പ്രൊമോഷൻ ലഭിക്കാൻ അർഹതയുള്ള എത്രപേർ ഉണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത തസ്തികയിലേക്ക് പ്രൊമോഷൻ കൊടുക്കാതിരിക്കാൻ എന്തെങ്കിലും നിയമതടസ്സങ്ങൾ ഉണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ?

ഉത്തരം

(എ) 361 ഒഴിവുകൾ.

(ബി) 23-1-1989-ലെ 24/89/ആ.കു.വ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം രണ്ടാം ഗ്രേഡ് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയുടെ യോഗ്യതയും നിയമനരീതിയും വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത നിയമനരീതി അനുസരിച്ച്, ആരോഗ്യ വകുപ്പിൽ നിശ്ചിത സാങ്കേതിക യോഗ്യത നേടിയിട്ടുള്ളവർക്ക് പ്രമോഷനിലൂടെയോ തസ്തികമാറ്റം മുഖേനയോ രണ്ടാം ഗ്രേഡ് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ആയി നിയമനം നൽകാവുന്നതാണ്. എന്നാൽ, ദേശീയ കുഷ്ഠരോഗ നിർമ്മാർജ്ജന പരിപാടിയിലെ ജീവനക്കാരെ പൊതുജനാരോഗ്യ വിഭാഗത്തിലെ ജീവനക്കാരുമായി സംയോജിപ്പിക്കേണ്ടതിനാൽ ടി സംയോജനം നടന്നതിനുശേഷം മാത്രമേ രണ്ടാം ഗ്രേഡ് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ ഒഴിവുകളിൽ ഏതുവിധത്തിലുള്ള നിയമനങ്ങളും നൽകുവാൻ കഴിയുകയുള്ളൂ.

(സി) 162 പേർ.

(ഡി) ദേശീയ കുഷ്ഠരോഗ നിർമ്മാർജ്ജന പരിപാടി അവസാനിച്ചതിനാൽ പ്രസ്തുത പരിപാടിയിലെ ജീവനക്കാരെ പൊതുജനാരോഗ്യ വിഭാഗം ജീവനക്കാരുമായി സംയോജിപ്പിക്കുവാൻ സർക്കാർ തീരുമാനിച്ചിരുന്നു. ദേശീയ കുഷ്ഠരോഗ നിർമ്മാർജ്ജന പരിപാടിക്കുള്ള കേന്ദ്ര ധനസഹായം 2004 മാർച്ചുമാസത്തോടെ അവസാനിച്ചു. ആയതിനാൽ പ്രസ്തുത ജീവനക്കാരെ സർക്കാർ തീരുമാനമനുസരിച്ച് പൊതുജനാരോഗ്യ വകുപ്പിലേക്ക് സംയോജിപ്പിക്കുന്നതിനാവശ്യമായ നടപടിയെടുത്തുവരികയാണ്. അതിനുശേഷം പ്രമോഷൻ കാര്യം ഒഴിവുകളുടെ ലഭ്യതയനുസരിച്ചു പരിഗണിക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly